**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2120** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നംകുളത്ത് പോലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർത്ത എന്ന ആരോപണത്തിലെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കുന്നംകുളത്ത് പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകനെ പൊലീസ് മർദ്ദിച്ച കേസ്, ഇൻസ്പെക്ടർ പത്തു ലക്ഷം രൂപ നൽകി ഒതുക്കിയെന്ന് കുന്നംകുളം നഗരസഭയിലെ ഒരു കൗൺസിലർ നടത്തിയ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ബി.ജെ.പി കുന്നംകുളം മുൻ മുനിസിപ്പൽ പ്രസിഡണ്ടായ മുരളി എന്നയാളെ പോലീസ് മർദ്ദിച്ചതായി പറയുന്ന സംഭവത്തിൽ ഇൻസ്പെക്ടർ പത്ത് ലക്ഷം രൂപ നൽകി ഒതുക്കിയെന്ന് കുന്നംകുളം നഗരസഭ കൗൺസിലറായ ബിനു പ്രസാദ് പറഞ്ഞതായി മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതും ബിനു പ്രസാദിന്റെ ആരോപണത്തിനെ സാധൂകരിക്കുന്ന തെളിവുകളൊന്നും ലഭ്യമല്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പോലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർക്കുന്നു എന്ന ആരോപണങ്ങളിൽ കർശന നടപടി സ്വീകരിക്കുമോ? | (സി) | പോലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർക്കുന്നു എന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചാൽ ആയതിൽ അന്വേഷണം നടത്തി കുറ്റം തെളിയുന്ന പക്ഷം കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ